# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:28-05-2024**

### പ്രധാനവാർത്തകൾ

1). സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, എറണാകുളം ജില്ലകളിൽ ചുവപ്പ് ജാഗ്രത. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

2). കനത്ത മഴയിൽ തിരുവനന്തപുരം ജില്ലയിൽ 11.19 ലക്ഷത്തിൻറെ കൃഷിനാശം. കൊച്ചിയിൽ വെള്ളക്കെട്ട് രൂക്ഷം. കോട്ടയം ചോക്കല്ലിൽ ഉരുൾപൊട്ടലിൽ വ്യാപക നാശനഷ്ടം.

3). തെക്കൻ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ്. തീവ്രമഴയിലും കാറ്റിലും 48 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കെ.എസ്.ഇ.ബി.

4). ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. പരസ്യപ്രചാരണം മറ്റന്നാൾ അവസാനിക്കും.

5) സംസ്ഥാനത്ത് പ്ലസ് വൺ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പ്ലസ് വൺ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെൻറ് നാളെ പ്രസിദ്ധീകരിക്കും.

RNUTVPM

***************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, എറണാകുളം ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. തെക്കൻ തമിഴ് നാട് തീരത്തിനു മുകളിൽ ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ സംസ്ഥാനത്ത് അടുത്ത 7 ദിവസം വ്യാപക മഴ തുടരും. നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കാലവർഷം അടുത്ത മൂന്ന്-നാല് ദിവസത്തിനുള്ളിൽ കേരളത്തിൽ എത്തിച്ചേരാനാണ് സാധ്യതയെന്നും കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി. തെക്കൻ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള- തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

***************************************

RNUTVPM

**മഴ - തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ കനത്ത മഴ തുടരുന്നു. നെയ്യാറ്റിൻകര, പാറശാല, വെള്ളറട, വിഴിഞ്ഞം, വർക്കല എന്നിവിടങ്ങളിൽ ശക്തമായ മഴയാണ് അനുഭവപ്പെടുന്നത്. കിള്ളിയാർ കരകവിഞ്ഞൊഴുകിയതിനെ

തുടർന്ന് ജഗതിയിലെ നൂറോളം വീടുകളിൽ വെള്ളം കയറി.

പാലോട് പെരിങ്ങമല ഇടിമിന്നലേറ്റ് ഒരു വീട് ഭാഗികമായി തകർന്നു. കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ

അരുവിക്കര ഡാമിന്റെ ഷട്ടറുകൾ 150 സെൻറിമീറ്റർ വരെ

ഉയർത്തിയിട്ടുണ്ട്. പരിസരവാസികൾ ജാഗ്രത പാലിയ്ക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ജില്ലയിൽ മലയോര കായലോര മേഖലകളിൽ ഗതാഗതത്തിനും, വിനോദസഞ്ചാരം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും നിയന്ത്രണമേർപ്പെടുത്തി.

RNU TVPM

**********************************

**മഴ കോട്ടയം - (ഇൻട്രോ)**

കോട്ടയം ജില്ലയുടെ മലയോര മേഖലയിൽ കനത്ത മഴയെ

തുടർന്നുണ്ടായ ഉരുൾപൊട്ടലിലും, മണ്ണിടിച്ചിലിലും വ്യാപക നാശനഷ്ടം. മീനച്ചിലാർ കരകവിഞ്ഞ് തീരപ്രദേശങ്ങളും

റോഡുകളും വെള്ളത്തിനടിയിലായി.

വിശദാംശങ്ങളുമായി ആകാശവാണി

കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു...

(വോയിസ്..........)

**********************************

**വിനോദസഞ്ചാരകേന്ദ്രം-പ്രവേശനം**

കോട്ടയം ജില്ലയിൽ മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, മാർമല അരുവി തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം ജില്ലാകളക്ടർ നിരോധിച്ചു. ഈരാറ്റുപേട്ട - വാഗമൺ റോഡിലെ രാത്രികാല യാത്രയും നിരോധിച്ച് ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ഉത്തരവായി. ഇടുക്കി ജില്ലയിലെ മലയോര മേഖലയിലും രാത്രിയാത്ര നിരോധനം ഏർപ്പെടുത്തി. വൈകുന്നേരം ഏഴ് മുതൽ രാവിലെ ആറ് വരെയാണ് നിരോധനം.

***************************************

**കൊച്ചി മഴ - (ഇൻട്രോ)**

കനത്ത മഴയിൽ കൊച്ചിയിൽ വെള്ളക്കെട്ട് രൂക്ഷം. ഇൻഫോ പാർക്ക് മേഖലയിൽ ഉൾപ്പെടെ വെള്ളം കയറിയത് ജനജീവിതത്തെ സാരമായി ബാധിച്ചു.

കൂടുതൽ വിവരങ്ങളുമായി കൊച്ചിയിൽ നിന്നും ആകാശവാണി ലേഖകൻ ആർ. രാജ് മോഹൻ..

(ഹോൾഡ്)

***************************************

**തിരുവനന്തപുരം - കൃഷിനാശം**

കഴിഞ്ഞ ദിവസത്തെ ശക്തമായ മഴയിൽ തിരുവനന്തപുരം ജില്ലയിൽ 11.19 ലക്ഷത്തിന്റെ കൃഷിനാശം. കനത്ത മഴയിൽ അഞ്ച് വീടുകൾക്കും ഭാഗിക നാശനഷ്ടമുണ്ടായി. ഈഞ്ചയ്ക്കൽ യു.പി സ്കൂളിൽ ഒരു

RNU TVPM

ദുരിതാശ്വാസ ക്യാമ്പ് കൂടി ആരംഭിച്ചതോടെ ജില്ലയിൽ നാല് ക്യാമ്പുകളിലായി കഴിയുന്നവരുടെ എണ്ണം 31 ആയി.

*************************************

**കൊല്ലം - മഴ മാറി**

കൊല്ലം ജില്ലയിൽപുലർച്ചെ മുതൽ പെയ്ത തുടർച്ചയായ മഴയിൽ താഴ്ന്ന പ്രദേശങ്ങളിലെ ജനവാസമേഖലകളിൽ വെള്ളം കയറി. ജില്ലയിൽ 7 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. ഇന്നലെ ഉച്ചമുതൽ ഇന്ന് ഉച്ചവരെയുള്ള മഴക്കെടുതിയിൽ ജില്ലയിൽ ആകെ 18 വീടുകൾക്ക് ഭാഗിക നാശനഷ്ടം ഉണ്ടായി. കുന്നത്തൂർ താലൂക്കിലാണ് ഏറ്റവും കൂടുതൽ വീടുകൾക്ക് നാശനഷ്ടം ഉണ്ടായത്.

*************************************

**മഴ - ആലപ്പുഴ**

ആലപ്പുഴ ജില്ലയിൽ പരക്കെ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ജില്ലയിൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകൾ കൂടി ഇന്ന് ആരംഭിച്ചു. അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് ആണ് ക്യാമ്പുകൾ പുതുതായി ആരംഭിച്ചത്. മൂന്ന് ക്യാമ്പുകളിലുമായി 700-ഓളം പേർ അന്തേവാസികളായുണ്ട്.

*************************************

**കെ.എസ്.ഇ.ബി**

സംസ്ഥാനത്തുടനീളം ഉണ്ടായ തീവ്രമഴയിലും കാറ്റിലും കനത്ത നാശനഷ്ടമുണ്ടായതായി കെ.എസ്.ഇ.ബി. പ്രാഥമിക കണക്കുകൾ പ്രകാരം ഏകദേശം 48 കോടിയിലേറെ രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

11 കെ.വി. ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും

PNU TVPM

തകരാറുകൾ പരിഹരിച്ച ശേഷമാകും വ്യക്തിഗത പരാതികൾ പരിഹരിക്കുകയെന്നും, അതിനാൽ പൊതുജനങ്ങൾ സഹകരിക്കണമെന്നും കെ.എസ്.ഇ.ബി. ഉപഭോക്താക്കളോട് അഭ്യർത്ഥിച്ചു.

**************************************

**<u>കാസർകോട് - മരണം</u>**

കാസർഗോഡ് അരയി പുഴയിൽ കുളിക്കുന്നതിനിടെ ശക്തമായ ഒഴുക്കിൽപെട്ട് പതിനാല് വയസുകാരൻ മരിച്ചു. അരയി വട്ടത്തോട് ബി.കെ. മുഹമ്മദ് സിയാനാണ് മരിച്ചത്.

**************************************

**<u>ഏഴാം ഘട്ട പ്രചാരണം</u>**

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം മറ്റന്നാൾ അവസാനിക്കിരിക്കെ, പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. പ്രധാനമന്ത്രിയും, മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ഝാർഖണ്ഡിലും, പശ്ചിമബംഗാളിലും പ്രചാരണം നടത്തി. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഇന്ന് ഹിമാചൽ പ്രദേശിലെ ഹമീർപൂരിലും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും ഉത്തർപ്രദേശിലെ രുദ്രപൂരിലും പ്രചാരണ റാലിയെ അഭിസംബോധന ചെയ്തു. ജൂൺ ഒന്നിനാണ് 57 മണ്ഡലങ്ങളിൽ അവസാന ഘട്ട വോട്ടെടുപ്പ് നടക്കുന്നത്.

**************************************

RNUTVPM

## പ്രധാനമന്ത്രി - കന്യാകുമാരി

പ്രധാനമന്ത്രി നരേന്ദ്രമോദി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 30 ന് കന്യാകുമാരിയിലെത്തും. കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയും, ധ്യാനമണ്ഡപവും സന്ദർശിക്കുന്ന പ്രധാനമന്ത്രി ഇവിടെ ധ്യാനത്തിൽ ഏർപ്പെടും.

*************************************

## പ്ലസ് വൺ

പ്ലസ് വൺ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെൻറ് നാളെ പ്രസിദ്ധീകരിക്കും. ആദ്യ അലോട്ട്മെൻറ് അടുത്ത മാസം അഞ്ചിനും രണ്ടാം അലോട്ട്മെൻറ് 12നും മൂന്നാം അലോട്ട്മെൻറ് 19നുമാണ് പ്രസിദ്ധീകരിക്കുന്നത്. പ്ലസ് വൺ ക്ലാസുകൾ ഈ മാസം 24 ന് ആരംഭിക്കും. അതിനിടെ, ഈ വർഷത്തെ പ്ലസ് വൺ ഫലം പ്രസിദ്ധീകരിച്ചു. www.prd.kerala.gov.in, keralaresults.nic.in, തുടങ്ങിയ ഔദ്യോഗിക വെബ് സൈറ്റുകളിൽ ഫലം അറിയാം.

*************************************

## ഗവർണർ

വിവിധ ആവശ്യങ്ങളുമായി സമീപിക്കുന്നവരെ ഒരുപോലെ പരിഗണിക്കാനും അവരോട് നീതിയുക്തമായ സമീപനം പുലർത്താനും സിവിൽ സർവീസ് ഉദ്യോഗസ്ഥർ പ്രതിജ്ഞാബദ്ധരായിരിക്കണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സംസ്ഥാനത്തു നിന്ന് 2023-ലെ സിവിൽ സർവീസ് പരീക്ഷ വിജയിച്ചവരെ അനുമോദിക്കാൻ

RNUTVPM

രാജ് ഭവനിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**************************************

**<u>കെ രാധാകൃഷ്ണൻ</u>**

സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻ്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. ഭരണനിർവഹണം കാര്യക്ഷമമാക്കി ക്ഷേത്രങ്ങളുടെ വരുമാനം വർധിപ്പിക്കണമെന്നും അഞ്ച് ദേവസ്വം ബോർഡുകളിലും നിന്നുള്ള ഭാരവാഹികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിൽ മന്ത്രി നിർദ്ദേശിച്ചു.

**************************************

**<u>ട്രഷറി</u>**

സംസ്ഥാനത്ത് ട്രഷറിയിൽ നിന്ന് 5,000 രൂപയിൽ കൂടുതലുള്ള ബില്ലുകൾ മാറുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന വാർത്ത പൊതുജനങ്ങളെയും ഇടപാടുകാരെയും തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ട്രഷറി ഡയറക്ടർ . സർക്കാർ തലത്തിൽ ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ട്രഷറികൾക്ക് നൽകിയിട്ടില്ലെന്നും ഡയറക്ടർ അറിയിച്ചു.

**************************************

**<u>വി.ഡി സതീശൻ - കോഴിക്കോട്</u>**

അബ്കാരി പോളിസി മാറ്റം തീരുമാനിക്കാൻ ടൂറിസം വകുപ്പിന് എന്താണ് അവകാശമെന്നും, എക്സൈസ് വകുപ്പിന്റെ അധികാരങ്ങൾ ടൂറിസം വകുപ്പ് കവർന്നെടുക്കുകയാണെന്നും

RINU TVPM

ആരോപിച്ച് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. . ടൂറിസം മന്ത്രിയുടെ ഓഫീസിൽ അധികാര കേന്ദ്രീകരണം നടക്കുന്നതായും അദ്ദേഹം കോഴിക്കോട് ആരോപണമുയർത്തി.

**************************************

**നിപ - ആരോഗ്യമന്ത്രി**

സംസ്ഥാനത്ത് നിപ പ്രതിരോധത്തിന് പ്രത്യേക പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

**************************************

**മഞ്ഞപ്പിത്തം**

കോഴിക്കോട് മഞ്ഞപ്പിത്തം ബാധിച്ച് ചികിൽസയിലായിരുന്ന ആരോഗ്യ പ്രവർത്തക മരിച്ചു. കുറ്റ്യാടി ഗവൺമെൻറ് താലൂക്ക് ആശുപത്രിയിലെ അനസ്തേഷ്യ ടെക്നീഷ്യൻ തീക്കുനി നിസ്വദേശി മേഘ്ലയാണ് മരിച്ചത്.

PNU TVPM

**************************************

************************************

********************